# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3619

20.10.2016-ൽ മറുപടിക്ക്

## ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ആധാരമെഴുത്തുകാർ തിരുവോണ നാളിൽ ഉപവാസ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു വഴിയൊരുക്കിയ സാഹചര്യം വ്യക്തമാക്കാമോ; | എ) ഉണ്ട്.<br>ആധാരം തയ്യാറാക്കുന്നതിന് ആധാരം എഴുതിക്കൊടുക്കുന്നയാൾക്കും, എഴുതിവാങ്ങുന്നയാൾക്കും അനുവാദം നല്കിക്കൊണ്ട് 1960 ലെ കേരളാ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയ നടപടി പിൻവലിക്കണമെന്ന ആവശ്യം ഉന്നയിച്ചാണ് ഉപവാസ സമരം തുടങ്ങിയത്. |
| ബി) ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിലുള്ള നയപ്രഖ്യാപനമോ ഉത്തരവുകളോ അടുത്ത കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ; | ബി) കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾക്ക് ഏകീകൃത രൂപം നൽകുന്നതിനായി 19 വിവിധ തരം ആധാര മാതൃകകൾ സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത മാതൃകകൾ ഉപയോഗപ്പെടുത്തി വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും സ്വയം ആധാരം തയ്യാറാക്കാൻ അനുമതി നൽകികൊണ്ട് 1960-ലെ ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ ഭേദഗതി വരുത്തികൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01/03/16 ലെ ഐ.റ്റി3-30120-ാം നമ്പർ ഉത്തരവ് 591-ാം നമ്പരായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സർക്കാർ മേഖലയിൽ സർക്കാർ സേവനങ്ങൾക്ക് നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ദേശീയ |

നയപരിപാടികളുടെ ചുവടു പിടിച്ചാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പഞ്ചാബ്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഹരിയാന, തമിഴ്നാട്, ബീഹാർ, ഡൽഹി എന്നീ സംസ്ഥാന ങ്ങളിൽ നടത്തിയ ചട്ട ഭേദഗതിയുടെ മാതൃകയിലാണ് പ്രസ്തുത ചട്ട ഭേദഗതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. ചട്ടപ്രകാരം നിലവിൽ ആധാരമെഴുത്തുകാർക്കും വക്കീലന്മാർക്കും പുറമെ വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും കൂടി സ്വയം ആധാരം തയ്യാറാക്കാവുന്നതാണ്.

സി) വാങ്ങുന്ന കക്ഷിക്കും വില്ക്കുന്ന കക്ഷിക്കും ആധാരം സ്വയം എഴുതി രജിസ്റ്റാക്കുന്നതിനുള്ള നിയമഭേദഗതി കൊണ്ടു വന്നിട്ടുണ്ടോ;ഇല്ലെങ്കിൽ കൊണ്ടു വരാൻ ഉദ്ദേശ്യമുണ്ടോ;

സി) വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും സ്വയം ആധാരം തയ്യാറാക്കാൻ അനുമതി നൽകികൊണ്ട് 1960-ലെ ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ ഭേദഗതി വരുത്തികൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01/03/16 ലെ ഐ.റ്റി3 -30120-ാം നമ്പർ ഉത്തരവ് 591-ാം നമ്പരായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡി) വസ്തു രജിസ്ട്രേഷൻ നിലവിൽ വന്ന കാലം മുതൽ സൂക്ഷ്മതയോടെയും സുതാര്യതയോടെയും വ്യക്തതയോടെയും കുറ്റമറ്റ രീതിയിൽ തൊഴിലിൽ ഏർപ്പെട്ടിരുന്ന ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

ഡി) സർക്കാർ മേഖലയിലെ സുതാര്യത, കാര്യക്ഷമത, വേഗത, അഴിമതി നിർമ്മാർജ്ജനം, ഇടനിലക്കാരെ ഒഴിവാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് സർക്കാർ മേഖലയിലാകെ നടക്കുന്ന നവീകരണത്തിന്റെ ഭാഗമായാണ് രജിസ്ട്രേഷൻ വകുപ്പിൽ ഈ പരിഷ്കാരങ്ങൾ കൊണ്ടുവന്നത്. അതിന്റെ ഫലം വിലയിരുത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**